LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ

152 (152) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികളിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ നടത്തിപ്പിനുവേണ്ട സ്ഥലസൗകര്യം ലഭ്യമാക്കുവാൻ സന്നദ്ധരായ സർക്കാർ ആശുപത്രി അധികൃതരോ, ആ സ്ഥലത്തെ ജനപ്രതിനിധിയോ ആവശ്യപ്പെടുന്ന മുറയ്ക്കാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(ബി) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ 2014 ഒക്ടോബർ മുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ആശുപത്രികൾ

153 (153) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അലോപ്പതി, ആയുർവ്വേദം, ഹോമിയോ, യുനാനി എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 1284 അലോപ്പതി ആശുപത്രികൾ പ്രവർത്തിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 13 മെഡിക്കൽ കോളേജുകളും മെഡിക്കൽ കോളേജുകൾക്ക് കീഴിൽ ആശുപത്രി, പബ്ലിക് ഹെൽത്ത് സെന്റർ, റൂറൽ ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെ 27 സ്ഥാപനങ്ങളും 5 ദന്തൽ കോളേജുകളും അനുബന്ധമായി 5 ദന്തൽ ആശുപത്രികളും പ്രവർത്തിച്ചുവരുന്നു. ഹോമിയോപ്പതി വകുപ്പിനുകീഴിൽ 34 സർക്കാർ ഹോമിയോ ആശുപത്രികളും 669 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 3 സർക്കാർ ആയുർവ്വേദ കോളേജുകളിലായി 5 ആയുർവ്വേദ ആശുപത്രികളും 2 എയിഡഡ് ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രികളും 12 സ്വകാര്യ ആയുർവ്വേദ കോളേജ് ആശുപത്രികളും ഒരു സിദ്ധ മെഡിക്കൽ കോളേജ് ആശുപത്രിയും ഒരു യുനാനി മെഡിക്കൽ കോളേജിന് കീഴിലായി 6 യുനാനി ആശുപത്രികളുമുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിൽ 130 ആശുപത്രികളും 818 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.